"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- ബജറ്റ് 2026-27- കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്- ഗ്രാന്റ്-ഇൻ-എയ്ഡ്- തുക അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.16/2026/HSG  തീയതി,തിരുവനന്തപുരം, 05-06-2026

---

പരാമർശം:- 13.05.2026-ലെ സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ KSHB-HO/119/2026-AF1 നമ്പർ കത്ത്.

**ഉത്തരവ്**

2026-27 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പദ്ധതിയേതര ശീർഷകമായ 2216-80-103-99-01-36-ൽ ഗ്രാന്റ് ഇൻ എയ്ഡ് ആയി 92.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ബോർഡിന്റെ ശമ്പളേതര ആവശ്യങ്ങൾക്കായി വകയിരുത്തിയിട്ടുള്ള ടി തുക ഭരണപരമായ ചെലവുകൾക്കായിട്ടാണ് വിനിയോഗിക്കുന്നതെന്നും ഇലക്ട്രിസിറ്റി ചാർജ്, വാട്ടർ ചാർജ് എന്നിവയുൾപ്പെടെ കണ്ടിജന്റ് ചെലവുകൾക്ക് ഈയിനത്തിൽ നിന്നുമാണ് വിനിയോഗിക്കുന്നതെന്നും ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 92.50 ലക്ഷം രൂപ റിലീസ് ചെയ്ത് നല്കണമെന്ന് മേൽ പരാമർശം പ്രകാരം ബോർഡ് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-27 സാമ്പത്തിക വർഷം സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 2216-80-103-99-01-36 എന്ന പദ്ധതിയേതര ശീർഷകത്തിൽ നിന്നും ₹18,50,000/- (പതിനെട്ടു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

1. പ്രസ്തുത തുക ട്രഷറി STSB അക്കൗണ്ടിൽ (non interest bearing) അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിയ്ക്കുവാൻ പാടില്ല.
2. 29.08.2009-ലെ സർക്കുലർ നം. 75/2009/ധനത്തിലേയും 09.12.2008-ലെ

സർക്കുലർ നം. 84/2008/ധനത്തിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ. ഉ. (കൈ)നം. 4/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.
4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

1. സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
4. ധനകാര്യ (പി.യു.സി) വകുപ്പ് (3515095/PU-C3/69/2026-FIN dated 01.06.2026)
5. വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Krishnakumar S
Date: 06-06-2026 11:19:46

സെക്ഷൻ ഓഫീസർ